മേജർ പഞ്ചായത്തു്.

352. [42] ശ്രീ. കെ. എ. ശ്വരാമഭാരതി : താഴെ കാണുന്ന ചോദ്യത്തിന്മേൽ ഗ്രാമപ്രദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ, വടക്കഞ്ചേരി, ചാലക്കുടി ഈ മാതിരിയുള്ള മേജർപഞ്ചായത്തുകളെ മൈനർ മുനിസിപ്പാലിറ്റികളായിട്ടു് മാറ്റുന്നതിനു് ഗവണ്മെന്റു് ആലോചിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഗവണ്മെന്റു ആലോചിക്കുമോ ?

ഉത്തരം.

(എ), (ബി) ഗവണ്മെന്റു് പര്യാലോചിച്ചുകൊണ്ടിരിക്കുകയാണു്.

ലേബർ ആഫീസറന്മാർ.

353. [48] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യത്തിന്മേൽ മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 70–150 രൂപ ശമ്പളസ്കെയിലിൽ 14 ലേബർ ആഫീസറന്മാരെ നിയമിക്കണമെന്നു കാണിച്ചുകൊണ്ടു് ലേബർ ഡിപ്പാർട്ടുമെന്റിൽനിന്നും വല്ല നിർദ്ദേശവും ലഭിക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെന്റു് എന്തു നടപടി സ്വീകരിച്ചു;

(സി) ലേബർ ആഫീസറന്മാരുടെ കുറവിനെ പരിഗണിച്ചു് ഈ നിയമനം നടത്താനുള്ള സത്വരനടപടി സ്വീകരിക്കുമോ ?

ഉത്തരം.

(എ) 125–200 രൂപ സ്കെയിലിൽ ഏഴും 70–150 രൂപ സ്കെയിലിൽ ഏഴും (ആകെ 14) ലേബർ ആഫീസറന്മാരെ നിയമിക്കുന്നതിനു് ലേബർ ഡിപ്പാർട്ടുമെന്റിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ടു്.

(ബി) ഈ സംഗതി അടുത്ത ബഡ്ജറ്റിൽ പരിഗണിക്കാമെന്നും ലേബർകമ്മീഷണർ വേണ്ട നടപടി എടുക്കുമെന്നും തീരുമാനിച്ചിട്ടുണ്ടു്.

(സി) ആലോചിക്കാം.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE.

Closing down of Cashew-nut factories in Central Travancore.

9 A. M.] MR. SPEAKER : The question time is over.

Shri B. B. Pandarathil has given notice of a motion under Rule 66 of the Rules of Procedure and Conduct of Business and his intention is to call the attention of the Chief Minister who is also the Minister in charge of Labour

LIBRARY ARCHIVES Kerala Legislative Assembly